ഇടതുമുന്നണിയെ നേതാക്കൾ കൂട്ടായി നയിക്കും: വൈക്കം വിശ്വൻ

തിരുവനന്തപുരം: തിരഞ്ഞെടുപ്പിൽ ഇടതുമുന്നണിക്ക് നേതാക്കൾ കൂട്ടായി നേതൃത്വം നൽകുമെന്ന് കൺവീനർ വൈക്കം വിശ്വൻ വാർത്താസമ്മേളനത്തിൽ പറഞ്ഞു.

ഏതെങ്കിലും ഒരു നേതാവിനെ മുൻനിറുത്തി മുന്നണി തിരഞ്ഞെടുപ്പിനെ നേരിടാറില്ല. കഴിഞ്ഞ തിരഞ്ഞെടുപ്പിൽ മുന്നണിയെ നയിച്ച അച്യുതാനന്ദനെ ഇത്തവണ മാറ്റുമോ എന്ന വാർത്താലേഖകരുടെ ചോദ്യത്തിന് അങ്ങനെ ആരെയെങ്കിലും മാറ്റുകയോ മറിക്കുകയോ ഒന്നും ഞങ്ങൾ ചെയ്യാറില്ലെന്നായിരുന്നു മറുപടി.

ചോദ്യം: ബംഗാളിൽ ഇടതുമുന്നണി നായകനെ പ്രഖ്യാ

ഏതെങ്കിലും ഒരു നേതാവിനെ മുൻനിറുത്തി മുന്നണി തിരഞ്ഞെടുപ്പിനെ നേരിടാറില്ല

പിച്ചിട്ട് കേരളത്തിൽ പ്രഖ്യാപിക്കാതിരിക്കുന്നത് വൈരുദ്ധ്യമല്ലേ?

അതൊന്നുമില്ല. ബംഗാളിലും കേരളത്തിലും മുന്നണി ഘടന വ്യത്യസ്തമാണ്. ബംഗാളിൽ ഇടതുപക്ഷ പാർട്ടികൾ മാത്രമാണ് മുന്നണിയിൽ. കേരളത്തിൽ ഇടത്, ജനാധിപത്യ പാർട്ടികൾ ചേരുന്നതാണ് മുന്നണി.

ചോദ്യം: അപ്പോൾ നായകൻ വേണ്ടെന്നാണോ?

അങ്ങനെയല്ല. അവിടെയും ഇവിടെയും വ്യത്യാസമുണ്ടെന്ന് പറയുകയാണ്.

ചോദ്യം: യു.ഡി.എഫുമായി ഇടഞ്ഞുനിൽക്കുന്ന കെ.ആർ. ഗൗരി അമ്മ സി.പി. എമ്മിൽ തിരിച്ചുവന്നാൽ സ്വീകരിക്കുമോ?

അതിനെക്കുറിച്ച് ഗൗരി അമ്മ തന്നെയാണ് പറയേണ്ടത്. ഞങ്ങൾ അതിൽ പ്രത്യേക താത്പര്യമെടുക്കേണ്ട കാര്യമില്ല. ഗൗരിഅമ്മ വളരെ പാരമ്പര്യമുള്ള പൊതുപ്രവർത്തകയാണ്.

ചോദ്യം: മുഖ്യമന്ത്രിയാണോ പാർട്ടി സെക്രട്ടറിയാണോ തിരഞ്ഞെടുപ്പിൽ നേതൃത്വം നൽകുക?

മുഖ്യമന്ത്രിയും പാർട്ടി സെക്രട്ടറിയും മറ്റ് എൽ.ഡി.എഫ് നേതാക്കളുമെല്ലാവരും ചേർന്ന് നയിക്കും.

പി. ശശിക്കെതിരായ ആരോപണം അന്വേഷിക്കാൻ സി.പി.എം നിയോഗിച്ച സമിതിയിൽ താങ്കൾ അംഗമാണല്ലോ. എന്താണ് യഥാർത്ഥത്തിൽ പ്രശ്നം?

പാർട്ടിക്കകത്ത് ഉണ്ടാകുന്ന പ്രശ്നങ്ങൾ ബന്ധപ്പെട്ട ഫോറത്തിൽ ചർച്ച ചെയ്യുന്നുണ്ട്. അതേക്കുറിച്ചെല്ലാം തീരുമാനമറിയിക്കേണ്ടതുണ്ടെങ്കിൽ അത് നിങ്ങളെ അറിയിക്കുന്നതാണ്.

ചോദ്യം: എങ്കിലും എന്താണ് യഥാർത്ഥത്തിൽ സംഭവിച്ചത്?

അതൊക്കെ പാർട്ടി കമ്മിറ്റി അന്വേഷിച്ചിട്ടുണ്ട്. സി.പി.എമ്മിലെ ഒരു കേഡറിനെക്കുറിച്ച് എന്ത് കുഴപ്പമുണ്ടെങ്കിലും അന്വേഷിച്ച് ആവശ്യമായ നടപടി എടുക്കാറുണ്ട്. അല്ലാതെ ഇങ്ങനെ പുറത്തുവന്ന് പറയേണ്ട കാര്യമില്ല.

സീറ്റു വിഭജനം 14ന് പൂർത്തിയാക്കും

സീറ്റു വിഭജനം ഈ മാസം 14ന് പൂർത്തിയാക്കുമെന്ന് വൈക്കം വിശ്വൻ അറിയിച്ചു.

മുന്നണിയുടെ തിരഞ്ഞെടുപ്പ് പ്രകടന പത്രികയ്ക്ക് രൂപം നൽകാൻ ഒരു ഉപസമിതിയെ ഇന്നലെ ചേർന്ന എൽ.ഡി.എഫ് യോഗം ചുമതലപ്പെടുത്തി.

നിയോജകമണ്ഡലം കൺവെൻഷനുകൾ 22നകവും പഞ്ചായത്ത്, ലോക്കൽ കൺവെൻഷനുകൾ 24നകവും ബൂത്ത്തല കൺവെൻഷനുകൾ 31നകവും പൂർത്തിയാക്കും. കൺവെൻഷനുകൾ തീരുന്ന മുറയ്ക്ക് സ്ക്വാഡുകൾ വീടു സന്ദർശനം നടത്തും. ഏപ്രിൽ ആദ്യം സ്ഥാനാർത്ഥികൾ മണ്ഡലപര്യടനം നടത്തും. എൽ.ഡി.എഫ് ജില്ലാ കമ്മിറ്റികൾ 12, 13 തീയതികളിലായി ചേരും. 14നാണ് എൽ.ഡി.എഫ് യോഗം.

ഡോ. നീലലോഹിതദാസൻ നാടാർ ഇടതുമുന്നണിയിലെ ഘടകകക്ഷിയായ ജനതാദളിൽപ്പെട്ടയാളാണ്. എങ്കിലും ഒരു പാർട്ടിയുടെയും സ്ഥാനാർത്ഥിപ്പട്ടിക ഇപ്പോൾ തങ്ങളുടെ മുന്നിലില്ലെന്ന്, ആരോപണവിധേയനായ നീലലോഹിതദാസ് സ്ഥാനാർത്ഥിയാവുമോ എന്ന ചോദ്യത്തിന് മറുപടിയായി വൈക്കം വിശ്വൻ പറഞ്ഞു.

പാവപ്പെട്ടവർക്കുള്ള രണ്ടു രൂപ അരി പദ്ധതി അട്ടിമറിച്ച യു.ഡി.എഫ് സമീപനത്തിനെതിരെ 14ന് വൈകിട്ട് എല്ലാ ബൂത്തുകളിലും ധർണ നടത്തും.

എസ്.ഡി.പി.ഐ 85 സീറ്റിൽ മത്സരിക്കും

കോഴിക്കോട്: നിയമസഭാ തിരഞ്ഞെടുപ്പിൽ മത്സരിക്കുന്ന 85 പേരുടെ പട്ടിക ഇന്നലെ കോഴിക്കോട്ട് ചേർന്ന എസ്.ഡി.പി.ഐ സംസ്ഥാന സമിതി യോഗം തയ്യാറാക്കി.

മുസ്ലിംലീഗ് നേതാവ് കുഞ്ഞാലിക്കുട്ടി, കോൺഗ്രസ് നേതാവ് ആര്യാടൻ മുഹമ്മദ് തുടങ്ങിയവർക്കെതിരെ എസ്.ഡി.പി.ഐ സംസ്ഥാന നേതാക്കൾ മത്സരിക്കും.

ഇരുമുന്നണികളെയും പിടികൂടിയ മാഫിയാ രാഷ്ട്രീയത്തിനെതിരെ മൂന്നാം ബദൽ പടുത്തുയർത്തുമെന്ന് സംസ്ഥാന കമ്മിറ്റി യോഗത്തിൽ അദ്ധ്യക്ഷത വഹിച്ച എസ്.ഡി.പി.ഐ സംസ്ഥാന പ്രസിഡന്റ് അഡ്വ. കെ.പി. മുഹമ്മദ് ഷെരീഫ് പറഞ്ഞു.

തോമസ് വിഭാഗത്തിന് മൂന്ന് സീറ്റ്

തിരുവനന്തപുരം : കേരള കോൺഗ്രസ് പി.സി. തോമസ് വിഭാഗത്തിന് മൂന്ന് സീറ്റുകൾ നല്കാൻ സി.പി.എമ്മുമായുള്ള ഉഭയകക്ഷി ചർച്ചയിൽ തീരുമാനമായി.

തിരുവനന്തപുരം, കടുത്തുരുത്തി, കോതമംഗലം എന്നീ സീറ്റുകളാണ് നല്കിയിട്ടുള്ളത്. അഞ്ച് സീറ്റുകളായിരുന്നു പാർട്ടി ചോദിച്ചത്.

തിരുവനന്തപുരത്ത് മന്ത്രി വി. സുരേന്ദ്രൻപിള്ളയും കോതമംഗലത്ത് സ്കറിയതോമസും മത്സരിച്ചേക്കും. കടുത്തുരുത്തിയിലെ സ്ഥാനാർത്ഥിയുടെ കാര്യത്തിൽ തീരുമാനമായിട്ടില്ല.

ജനതാദൾ (എസ്), എൻ.സി.പി എന്നീ കക്ഷികളുമായും ഇന്നലെ സി.പി.എം ചർച്ച നടത്തി. ജനതാദൾ (എസ്)ന് അഞ്ചും എൻ.സി.പിക്ക് രണ്ടും സീറ്റുകൾ നല്കാമെന്നാണ് വാഗ്ദാനം. 13ന് ചർച്ച തുടരും.

കോഴിക്കോട്ട് ജില്ലാ സെക്രട്ടേറിയറ്റ് യോഗം ഇന്ന്

കോഴിക്കോട്: കോഴിക്കോട് ജില്ലയിലെ സി.പി.എം സ്ഥാനാർത്ഥികളെ തീരുമാനിക്കാൻ ഇന്ന് ജില്ലാ സെക്രട്ടേറിയറ്റ് ചേരും. മന്ത്രി എളമരം കരീം ഉൾപ്പെടെയുള്ള മിക്ക എം.എൽ.എമാർക്കും സീറ്റ് ലഭിക്കുമെന്നാണറിയുന്നത്. എന്നാൽ സി.പി. എമ്മിന് വളരെ ഉറപ്പുള്ള മണ്ഡലമാണ് പുതിയതായി രൂപംകൊണ്ട എലത്തൂർ.

ഇവിടെ എൻ.സി.പിക്ക് കൊടുക്കുന്നത് സംബന്ധിച്ച് മുന്നണിയിൽ പ്രാഥമിക ചർച്ചകൾ നടന്നതായി അറിയുന്നു. അങ്ങിനെയെങ്കിൽ എ.കെ. ശശീന്ദ്രൻ മത്സരിക്കും. സി.പി.എമ്മിനാണ് സീറ്റെങ്കിൽ ഗുരുവായൂർ ദേവസ്വം ബോർഡ് ചെയർമാൻ തോട്ടത്തിൽ രവീന്ദ്രൻ, സെക്രട്ടേറിയറ്റ് അംഗം വി.വി. ദക്ഷിണാമൂർത്തി, മുൻ മേയർ എം.ഭാസ്കരൻ എന്നിവരിലാർക്കെങ്കിലും ടിക്കറ്റ് ലഭിക്കും. കുന്ദമംഗലത്ത് ടി.പി. ബാലകൃഷ്ണൻ നായരും ബാലുശ്ശേരിയിൽ മാവൂർ ഏരിയ കമ്മിറ്റി അംഗം രമേശ്ബാബുവും മത്സരിച്ചേക്കും. വൈദ്യുതി വകുപ്പ് മന്ത്രി എ.കെ. ബാലൻ സ്വന്തം ജില്ലയിൽ മത്സരിക്കാൻ തീരുമാനിച്ചാൽ ബാലുശ്ശേരി നൽകിയേക്കും.

എൻ.എസ്.എസ് പ്രതിനിധിസഭയിലേക്ക് 87 പേരെ എതിരില്ലാതെ തിരഞ്ഞെടുത്തു

ചങ്ങനാശേരി: എൻ.എസ്.എസ് പ്രതിനിധിസഭയിൽ ആകെയുള്ള 300 അംഗങ്ങളിൽ ഈ വർഷം സംസ്ഥാനതലത്തിൽ ഉണ്ടായ 90 ഒഴിവുകളിൽ 87 പേരെ എതിരില്ലാതെ തിരഞ്ഞെടുത്തു.

കൊല്ലം, കുട്ടനാട്, ഹൈറേഞ്ച് താലൂക്ക് യൂണിയനുകളിലായി 3 പ്രതിനിധിസഭാംഗങ്ങളുടെ ഒഴിവുകളിലേക്കു മാത്രമാണ് മത്സരമുള്ളത്. അതിലേക്കുള്ള തിരഞ്ഞെടുപ്പ് ഈ മാസം 20ന് രാവിലെ 10 മുതൽ ഒരുമണി വരെ നടക്കും.

എതിരില്ലാതെ തിരഞ്ഞെടുക്കപ്പെട്ടവരിൽ ജനറൽ സെക്രട്ടറി പി.കെ. നാരായണപ്പണിക്കർ, സെക്രട്ടറി ജി. സുകുമാരൻ നായർ, ട്രഷറർ പി.എൻ. നരേന്ദ്രനാഥൻ നായർ, ഡയറക്ടർ ബോർഡ് അംഗങ്ങളായ നെടുമങ്ങാട് ആർ. ഗോപാലൻ നായർ, ഹരികുമാർ കോയിക്കൽ, എം. സംഗീത് കുമാർ, പായിക്കാട്ട് എൻ. കേശവ പിള്ള, പന്തളം ശിവൻകുട്ടി, അഡ്വ. എൻ.എസ്. പ്രഭാകരൻ പിള്ള, കെ.എൻ. വിശ്വനാഥൻ, ഡോ. എം. ശശികുമാർ, കെ. പങ്കജാക്ഷപ്പണിക്കർ, പ്രൊഫ. വി.പി. ഹരിദാസ്, വി. രാഘവൻ, താലൂക്ക് യൂണിയൻ പ്രസിഡന്റുമാരായ ജി. സോമശേഖരൻ നായർ (നെയ്യാറ്റിൻകര), ജി. മധുസൂദനൻ പിള്ള (ചിറയിൻകീഴ്), അഡ്വ. വി.ആർ. രാധാകൃഷ്ണൻ (റാന്നി), ഡോ. സി.ആർ. വിനോദ്കുമാർ (വൈക്കം), പി.കെ. രാധാകൃഷ്ണൻ (മൂവാറ്റുപുഴ), വി. ഗോപാലകൃഷ്ണൻ നായർ (കോതമംഗലം), സി. രാജശേഖരൻ (കൊടുങ്ങല്ലൂർ), എ. ജയപ്രകാശ് (ആലത്തൂർ), എ. നാരായണൻ നായർ (തിരൂർ), ടി.കെ. ബാലകൃഷ്ണൻ അടിയോടി (വടകര), പി.സി. ജയരാജൻ (ബത്തേരി), എം.പി. ഉദയഭാനു (തലശ്ശേരി) എന്നിവർ ഉൾപ്പെടുന്നു.

തിരുവനന്തപുരം ജില്ലയിലെ താലൂക്ക് യൂണിയനുകളിൽ നിന്നും എതിരില്ലാതെ തിരഞ്ഞെടുക്കപ്പെട്ടവർ:

നെയ്യാറ്റിൻകര: ജി. സോമശേഖരൻ നായർ (വടകോട്), കെ. സോമൻ നായർ (തത്തിയൂർ),ഡി. വേണുഗോപാൽ (അമരവിള), കോട്ടുകാൽ കൃഷ്ണകുമാർ (പുലിയൂർക്കോണം),എസ്. രാജശേഖരൻ നായർ (ചെങ്കൽ).

നെടുമങ്ങാട്: നെടുമങ്ങാട് ആർ. ഗോപാലൻ നായർ (തെക്കുംകര), ജി. മുരളീധരൻ നായർ (കല്ലയം), കെ. ഗോപി പിള്ള (നെടുമങ്ങാട് ടൗൺ), എം. രാജഗോപാലൻ നായർ (കുഴയ്ക്കാട്ട്).

തിരുവനന്തപുരം: എം. സംഗീത്കുമാർ (അമ്പലത്തറ), അഡ്വ. വി. ഭുവനേന്ദ്രൻ നായർ (നേതാജി നഗർ), എം. ഈശ്വരി അമ്മ (തിരുവല്ലം), കെ.പി. രാമചന്ദ്രൻ നായർ (ആറ്റുകാൽ).

ചിറയിൻകീഴ്: അഡ്വ. ജി. മധുസൂദനൻ പിള്ള (ആറ്റിങ്ങൽ), കെ. ചന്ദ്രൻ പിള്ള (ചിന്ത്രനല്ലൂർ), എം. മണികണ്ഠൻ നായർ (കൊടുവഴന്നൂർ).

വൃക്കമാറ്റിവയ്ക്കൽ: ഉദാരസമീപനം സ്വീകരിക്കണം

തിരുവനന്തപുരം: വൃക്കമാറ്റിവയ്ക്കൽ നടപടികൾസർക്കാർ ഉദാരമാക്കണമെന്ന് ട്രിവാൻഡ്രം നെഫ്രോളജി ക്ലബ്ബ് ഭാരവാഹികൾ പത്രസമ്മേളനത്തിൽ ആവശ്യപ്പെട്ടു. അപകടത്തിൽ മരിക്കുന്നവരുടെ വൃക്കകൾ സ്വീകരിക്കാനുള്ള നടപടികൾക്ക് സർക്കാർ മുൻകൈ എടുക്കണം.

സി.പി.എം സ്ഥാനാർത്ഥികളുടെ സാദ്ധ്യതാ ലിസ്റ്റ്

ധർമ്മടം എം.വി. ജയരാജന്

കണ്ണൂർ: സി.പി.എം ജില്ലാ കമ്മിറ്റി ഒൻപത് മണ്ഡലങ്ങളിലേക്കുള്ള സ്ഥാനാർത്ഥികളുടെ പാനൽ സംസ്ഥാന നേതൃത്വത്തിന് നൽകി.

ധർമ്മടം മണ്ഡലത്തിൽ എം.വി. ജയരാജനെയാണ് നിർദ്ദേശിച്ചിരിക്കുന്നത്. കോടിയേരി ബാലകൃഷ്ണനോ, പാർട്ടി സംസ്ഥാന സെക്രട്ടറി പിണറായി വിജയനോ ഇവിടെ മത്സരിക്കുമെന്ന് ശ്രുതിയുണ്ട്. കല്യാശ്ശേരി മണ്ഡലത്തിൽ എം. പ്രകാശനെ ജില്ലാ കമ്മിറ്റി നിർദ്ദേശിച്ചിട്ടുണ്ട്. ഇവിടെ ടി.വി. രാജേഷ് വരാനും സാധ്യതയുണ്ട്. ഇരിക്കൂർ മണ്ഡലം സി.പി.ഐക്ക് നൽകും. കണ്ണൂർ മണ്ഡലത്തിൽ കോൺഗ്രസ് എസ്. സ്ഥാനാർത്ഥിയായി രാമചന്ദ്രൻ കടന്നപ്പള്ളിയുടെ പേരാണ് നൽകിയിരിക്കുന്നത്.

സി.പി.എമ്മിന്റെ മറ്റു സ്ഥാനാർത്ഥികളും മണ്ഡലങ്ങളും: ഇ. നാരായണൻ (തലശ്ശേരി) എൻ. സുകന്യ (അഴീക്കോട്) കെ.കെ. ശൈലജ (പേരാവൂർ) സി. കൃഷ്ണൻ (പയ്യന്നൂർ) എ.എൻ. ഷംസീർ (കൂത്തുപറമ്പ്) സി.കെ.പി. പത്മനാഭൻ (തളിപ്പറമ്പ്), ഇ.പി. ജയരാജൻ (മട്ടന്നൂർ).

മങ്കടയിൽ മൗനം

മലപ്പുറം: മലപ്പുറത്തെ സി.പി.എം സ്ഥാനാർത്ഥികളുടെ സാധ്യതാലിസ്റ്റിന് രൂപമായി. ചില മണ്ഡലങ്ങളിൽ രണ്ടുപേരെ വീതം പരിഗണിക്കുന്നുണ്ട്. പെരിന്തൽമണ്ണ- വി. ശശികുമാർ, വള്ളിക്കുന്ന്- കൃഷ്ണൻമാസ്റ്റർ/ വേലായുധൻ വള്ളിക്കുന്ന്, തവനൂർ-ജ്യോതിഭാസ്/കെ.ടി. ജലീൽ, നിലമ്പൂർ- പ്രൊഫ. തോമസ് മാത്യു, പൊന്നാനി-ടി.എം. സിദ്ദിഖ്, താനൂർ-ഇ. ജയൻ/കൂട്ടായി ബഷീർ, കോട്ടയ്ക്കൽ –കെ.ടി. ജലീൽ/വി.കെ. അഷ്റഫ്, മലപ്പുറം- അഡ്വ. കെ.പി. സുമതി, ഏറനാട് –ഐ.ടി. നജീബ്, മഞ്ചേരി-അസൈൻ കാരാട്, തിരൂർ- പി.പി. അബ്ദുള്ളക്കുട്ടി. വണ്ടൂർ- എൻ.കണ്ണൻ/ കെ. ശങ്കരൻ.

കഴിഞ്ഞതവണ മഞ്ഞളാംകുഴി അലി ജയിച്ച മങ്കടയിൽ സ്ഥാനാർത്ഥിയെ പ്രഖ്യാപിച്ചിട്ടില്ല. ബാക്കി സീറ്റുകളിൽ ഘടകകക്ഷികളാണ് മത്സരിക്കുക.

ഇത്തവണ സീനിയർ നേതാവായ പാലോളി മുഹമ്മദ്കുട്ടി മത്സരിക്കില്ലെന്ന് തീരുമാനമായിട്ടുണ്ട്. തവനൂരിലും കോട്ടയ്ക്കലിലും കെ.ടി. ജലീലിന്റെ പേരുകൾ പരിഗണനയിലുണ്ട്. എന്നാൽ തവനൂരിലെ സി.പി.എം പ്രാദേശിക നേതൃത്വത്തിന് ജലീലിനെ താത്പര്യമില്ല.

എൻ.എൻ. കൃഷ്ണദാസ് ലിസ്റ്റിൽ

പാലക്കാട്: അച്ചടക്ക നടപടിക്കു വിധേയനായ മുൻ എം.പി എൻ.എൻ. കൃഷ്ണദാസിനെ ഉൾപ്പെടുത്തിക്കൊണ്ടുള്ള സ്ഥാനാർത്ഥി സാധ്യതാ ലിസ്റ്റിന് സി.പി.എം പാലക്കാട് ജില്ലാ കമ്മിറ്റി രൂപം നൽകി. പാലക്കാട്- കെ.കെ. ദിവാകരൻ, ആലത്തൂർ- എം. ചന്ദ്രൻ, ഒറ്റപ്പാലം- എം. ഹംസ/കെ.എസ്. സലീഖ, തരൂർ- എ.കെ. ബാലൻ/ അഡ്വ. ശാന്തകുമാരി, കോങ്ങാട് – എസ്. അജയകുമാർ/ എം. നാരായണൻ, ഷൊർണൂർ- പി.കെ. സുധാകരൻ, തൃത്താല- സുബൈദ ഇസ്ഹാക്ക്/പി. മമ്മിക്കുട്ടി, ചിറ്റൂർ- എൻ.എൻ. കൃഷ്ണദാസ്, നെന്മാറ- വി. ചെന്താമരാക്ഷൻ/ ആർ. ചിന്നക്കുട്ടൻ എന്നിവരാണ് ലിസ്റ്റിലുള്ളത്.

അവശേഷിക്കുന്ന പട്ടാമ്പിയിലും മണ്ണാർക്കാട്ടും സി.പി.ഐ സ്ഥാനാർത്ഥികളായിരിക്കും മത്സരിക്കുക.

കാസർകോട് വി.എസിനെ ക്ഷണിക്കുന്നു

കാസർകോട്: മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻ നിയമസഭാ തിരഞ്ഞെടുപ്പിൽ മത്സരിക്കണമെന്ന് സി.പി.എം കാസർകോട് ജില്ലാ സെക്രട്ടേറിയറ്റ് യോഗം. ജില്ലയിലെ വിജയം ഉറപ്പുള്ള ഏത് സീറ്റിലും വി.എസിനെ മത്സരിപ്പിക്കാമെന്ന് യോഗം ഉറപ്പുനൽകി.

രാജു എബ്രഹാം വീണ്ടും ലിസ്റ്റിൽ

പത്തനംതിട്ട : ജില്ലയിൽ മൂന്ന് മണ്ഡലങ്ങളിലാണ് സി.പി.എം മത്സരിക്കുന്നത്. റാന്നി – രാജു എബ്രഹാം, റോഷൻ റോയ് മാത്യു. ആറൻമുള – കെ.സി. രാജഗോപാലൻ, ബാബു കോയിക്കലേത്ത്, ഓമല്ലൂർ ശങ്കരൻ. അടൂർ – ലെനിൻ രാജേന്ദ്രൻ, കെ. കുമാരൻ, കെ.കെ. ശ്രീധരൻ. എന്നിവരെയാണ് പാർട്ടി ജില്ലാ സെക്രട്ടേറിയറ്റ് ശുപാർശ ചെയ്തത്.

വയനാട്ടിൽ കൃഷ്ണപ്രസാദോ ശശീന്ദ്രനോ

കൽപ്പറ്റ: വയനാട് ജില്ലയിലെ കൽപ്പറ്റ ജനറൽ മണ്ഡലത്തിൽ നിന്ന് സുൽത്താൻ ബത്തേരി എം. എൽ.എ.യായ പി.കൃഷ്ണപ്രസാദോ, സി.പി.എം. ജില്ലാ സെക്രട്ടറി സി.കെ.ശശീന്ദ്രനോ മത്സരിക്കും. മാനന്തവാടി പട്ടികവർഗ സംവരണ മണ്ഡലത്തിൽ കെ.സി.കുഞ്ഞിരാമനോ, തിരുനെല്ലി പഞ്ചായത്ത് പ്രസിഡണ്ട് ഒ.ആർ.കേളുവോ ആയിരിക്കും സ്ഥാനാർത്ഥി. സുൽത്താൻ ബത്തേരി പട്ടികവർഗ സംവരണ മണ്ഡലത്തിൽ രുഗ്മിണി സുബ്രഹ്മണ്യനോ പുൽപ്പള്ളി ഗ്രാമപഞ്ചായത്ത് വിദ്യാഭ്യാസ ആരോഗ്യവകുപ്പ് സ്റ്റാൻറിംഗ് കമ്മറ്റി ചെയർമാൻ ഇ.എ.ശങ്കരനോ ആയിരിക്കും മത്സരിക്കുക.

മഞ്ചേശ്വരത്ത് സി. എച്ച് കുഞ്ഞമ്പു, തൃക്കരിപ്പൂരിൽ കുഞ്ഞിരാമൻ; ഉദുമയിൽ സമവായമായില്ല

കാസർകോട്: ജില്ലയിൽ സി.പി.എം മത്സരിക്കുന്ന മൂന്ന് സീറ്റുകളിൽ തൃക്കരിപ്പൂർ, മഞ്ചേശ്വരം മണ്ഡലങ്ങളിൽ സിറ്റിംഗ് എം.എൽ. എമാരായ കെ.കുഞ്ഞിരാമനും സി. എച്ച് കുഞ്ഞമ്പുവും സ്ഥാനാർത്ഥികളാവും. ഇരുവരുടെയും സ്ഥാനാർത്ഥിത്വം സംബന്ധിച്ച നിർദ്ദേശം ഇന്നലെ ചേർന്ന ജില്ലാകമ്മിറ്റിയോഗം സംസ്ഥാന കമ്മിറ്റിയ്ക്ക് അയച്ചു.

ഉദുമയിൽ സംസ്ഥാന കമ്മിറ്റി നിർദ്ദേശിച്ചത് കൺസ്യൂമർഫെഡ് ചെയർമാനും പാർട്ടി സംസ്ഥാനകമ്മിറ്റി അംഗവുമായ എ.കെ നാരായണനെയാണ്. എന്നാൽ, മുൻജില്ലാപഞ്ചായത്ത് പ്രസിഡന്റ് ഇ.പത്മാവതി, പാർട്ടി ജില്ലാസെക്രട്ടേറ്യറ്റ് അംഗം എം.രാജഗോപാൽ എന്നിവരുടെ പേരുകളാണ് ജില്ലാകമ്മിറ്റി നിർദ്ദേശിച്ചിട്ടുള്ളത്.

ജില്ലയിൽ ആകെയുള്ള അഞ്ച് സീറ്റുകളിൽ കാഞ്ഞങ്ങാട്ട് സി.പി. ഐയുടെ സിറ്റിംഗ് സീറ്റാണ്. മറ്റൊരു സീറ്റായ കാസർകോട്ടാകട്ടെ പൊതുസമ്മതരായ സ്വതന്ത്രനെ നിർത്താനുള്ള സാധ്യതയാണ് പാർട്ടി ആരായുന്നത്. മറ്റു മൂന്ന് സീറ്റുകളിൽ തൃക്കരിപ്പൂരിലും മഞ്ചേശ്വരത്തും പാർട്ടി സംസ്ഥാനകമ്മിറ്റി നിർദ്ദേശിച്ച പേരുകൾ തന്നെ അംഗീകരിച്ച ജില്ലാകമ്മിറ്റി ഉദുമയിൽ യുവാക്കൾക്ക് പ്രാധാന്യം നൽകണമെന്ന നിർദ്ദേശത്തോടെയാണ് പത്മാവതിയുടെയും എം.രാജഗോപാലന്റെയും പേരുകൾ അംഗീകാരത്തിനായി സമർപ്പിച്ചത്.

എറണാകുളത്ത് രണ്ട് എം.എൽ.എമാർ ലിസ്റ്റിലില്ല

ഗോപി കോട്ടമുറിക്കലും ശർമ്മയും സെബാസ്റ്റ്യൻ പോളും ലിസ്റ്റിൽ

കൊച്ചി: എറണാകുളം ജില്ലയിൽ സി.പി.എം മത്സരിക്കുന്ന പത്ത് സീറ്റുകളിലെ സ്ഥാനാർത്ഥികളുടെ പട്ടിക എറണാകുളം ജില്ലാകമ്മിറ്റി ശുപാർശ ചെയ്തു.

സി.പി.എം ജില്ലാ സെക്രട്ടറി ഗോപി കോട്ടമുറിക്കൽ തൃപ്പൂണിത്തുറ മണ്ഡലത്തിൽ നിന്ന് മത്സരിക്കണമെന്നാണ് ജില്ലാ സെക്രട്ടേറിയറ്റും കമ്മിറ്റിയും ഏകകണ്ഠമായി ശുപാർശ ചെയ്തിട്ടുള്ളത്. രണ്ട് തവണ മത്സരിച്ച് ജയിച്ചവരെ ഒഴിവാക്കണമെന്ന മാനദണ്ഡം മന്ത്രി എസ്. ശർമ്മയുടെ കാര്യത്തിൽ ബാധകമാക്കരുതെന്നും ശുപാർശയിലുണ്ട്. പുതിയതായി രൂപംകൊണ്ട വൈപ്പിൻ മണ്ഡലത്തിൽ എസ്. ശർമ്മ മത്സരിക്കണമെന്നാണ് നിർദ്ദേശം. നിലവിൽ കുന്നത്തുനാട് എം.എൽ.എ ആയ എം.എം. മോനായി, പള്ളുരുത്തി എം.എൽ.എയായ സി.എം. ദിനേശ് മണി എന്നിവർക്ക് സീറ്റില്ല. ഗോപി കോട്ടമുറിക്കൽ ജില്ലാ സെക്രട്ടറി സ്ഥാനം ഒഴിഞ്ഞാൽ പകരം പരിഗണിക്കപ്പെടുന്ന പേരുകളിലൊന്ന് ദിനേശ് മണിയുടേതാവും.

എറണാകുളം ഉപതിരഞ്ഞെടുപ്പിൽ അട്ടിമറി വിജയം നേടിയ പാരമ്പര്യമുള്ള ഡോ. സെബാസ്റ്റ്യൻ പോളിനെ വീണ്ടും എറണാകുളത്ത് മത്സരിപ്പിക്കണമെന്നതാണ് മറ്റൊരു നിർദ്ദേശം. സിറ്റിംഗ് എം.എൽ.എമാരായ എ.എം. യൂസഫ് (ആലുവ), സാജുപോൾ (പെരുമ്പാവൂർ), എം. ജെ. ജേക്കബ് (പിറവം) എന്നിവർ സ്ഥാനാർത്ഥികളാവും. കളമശേരിയിൽ സംസ്ഥാന കമ്മിറ്റിയംഗം കെ. ചന്ദ്രൻപിള്ള, തൃക്കാക്കരയിൽ മുൻ പഞ്ചായത്ത് പ്രസിഡന്റായ ഇ.എം. ഹസൈനാർ, കൊച്ചിയിൽ കേന്ദ്ര കമ്മിറ്റിയംഗം എം.സി. ജോസഫൈൻ, കുന്നത്തുനാട്ടിൽ എം.എ. സുരേന്ദ്രൻ, എസ്. രമേശൻ എന്നിവരുടെ പേരുകളാണ് സംസ്ഥാന കമ്മിറ്റിയുടെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുള്ളത്.

സി.പി.എം ജില്ലാ സെക്രട്ടേറിയറ്റും ജില്ലാ കമ്മിറ്റിയും ഏകകണ്ഠമായാണ് പേരുകൾ നിർദ്ദേശിച്ചത്. സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം എം.വി. ഗോവിന്ദൻ മാസ്റ്ററുടെ സാന്നിദ്ധ്യത്തിലാണ് യോഗം നടന്നത്.

കൊല്ലത്ത് ഗുരുദാസനും ബേബിയും ഐഷാപോറ്റിയും വീണ്ടും ലിസ്റ്റിൽ

കൊല്ലം : സി.പി.എം കേന്ദ്ര കമ്മിറ്റി അംഗങ്ങളായ പി.കെ. ഗുരുദാസനെയും എം.എ. ബേബിയെയും യഥാക്രമം കൊല്ലം, കുണ്ടറ മണ്ഡലങ്ങളിൽ വീണ്ടും മത്സരിപ്പിക്കാൻ സി.പി.എം ജില്ലാ സെക്രട്ടേറിയറ്റ് ശുപാർശ ചെയ്തു.

അഡ്വ.ഐഷാപോറ്റി എം.എൽ.എ വീണ്ടും കൊട്ടാരക്കരയിൽ ജനവിധി തേടണമെന്നാണ് ശുപാർശ. അതേസമയം, സി.പി.ഐയിൽ നിന്ന് സി.പി.എം ഏറ്റെടുത്ത പത്തനാപുരം നിയോജക മണ്ഡലത്തിൽ ആരായിരിക്കണം പാർട്ടി സ്ഥാനാർത്ഥി എന്നതു സംബന്ധിച്ച് ധാരണയായില്ല. കെ.രാജഗോപാൽ പത്തനാപുരത്ത് മത്സരിക്കുമെന്ന് രംഗത്തുണ്ടാവില്ലെന്ന സൂചനയാണ് പാർട്ടി വൃത്തങ്ങൾ നല്കിയത്. ഇവിടെ ജോർജ് മാത്യുവാണ് പരിഗണനയിലുള്ള മറ്റൊരാൾ.

ജില്ലയിൽ സി.പി.എമ്മിന്റെ കുത്തക മണ്ഡലമായ നെടുവത്തൂർ ഇല്ലാതായത് പാർട്ടിക്ക് പ്രകടമായ നഷ്ടം വരുത്തിവച്ചിട്ടുണ്ട്. പാർട്ടിക്ക് വിപുലമായ ബഹുജന അടിത്തറയുള്ള ദളിത് സമൂഹത്തിന്റെ പ്രതിനിധിയാണ് വളരെ കാലമായി സംവരണ മണ്ഡലമായ നെടുവത്തൂരിൽ മത്സരിക്കുകയും വിജയിക്കുകയും ചെയ്തുവന്നത്. ഒരു സീറ്റിന്റെ നഷ്ടം മാത്രമല്ല സ്ഥാനാർത്ഥിനിർണയത്തിലെ ദളിത് പ്രാതിനിധ്യവുമാണ് ഇതുമൂലം ജില്ലയിൽ നഷ്ടമായിരിക്കുന്നത്. സി.പി.ഐയിൽ നിന്ന് പത്തനാപുരം വാങ്ങി ജില്ലയിൽ ഒരു സീറ്റിന്റെ കുറവു പരിഹരിച്ചില്ലെങ്കിലും കോന്നി മണ്ഡലം പകരം നൽകേണ്ടതുണ്ട്.

ഈ സാഹചര്യത്തിൽ നെടുവത്തൂരിന്റെ നഷ്ടം അടൂർ സംവരണ മണ്ഡലം കൊണ്ടു പരിഹരിക്കാമെന്നാണ് പാർട്ടി കരുതുന്നത്. പത്തനാപുരം മണ്ഡലത്തിലെ സ്ഥാനാർത്ഥി നിർണയം മാർച്ച് 16 ന് ചേരുന്ന സംസ്ഥാന സെക്രട്ടേറിയറ്റ് യോഗത്തിൽ ഉണ്ടാവുമെന്ന് അറിയുന്നു. 17 ന് ജില്ലാ കമ്മിറ്റി യോഗം ചേരാൻ തീരുമാനിച്ചിട്ടുണ്ട്.

ഇടുക്കി, കോട്ടയം സ്ഥാനാർത്ഥി നിർണയം ഇന്ന്

കോട്ടയം: ഇടുക്കി, കോട്ടയം ജില്ലകളിലെ സി. പി. എം സ്ഥാനാർത്ഥികളെ ഇന്ന് നിശ്ചയിക്കും. രാവിലെ ജില്ലാ സെക്രട്ടേറിയറ്റും വൈകിട്ട് ജില്ലാ കമ്മിറ്റിയും ചേർന്ന് സംസ്ഥാന കമ്മിറ്റിക്ക് സമർപ്പിക്കുന്ന സ്ഥാനാർത്ഥി പട്ടിക തയ്യാറാക്കും.

വ്യക്തികളെ വാഴ്ത്തരുതെന്ന് കണ്ണൂർ ജില്ലാ കമ്മിറ്റി

കണ്ണൂർ: നിയമസഭാ തിരഞ്ഞെടുപ്പിൽ 'വ്യക്തികളെ മഹത്വവത്കരിക്കേണ്ടതില്ലെ' ന്ന് സി.പി.എം കണ്ണൂർ ജില്ലാ കമ്മിറ്റി യോഗം വിലയിരുത്തി. വി.എസ്. അച്യുതാനന്ദനെ നിയമസഭാ തിരഞ്ഞെടുപ്പിൽ മത്സരിപ്പിക്കേണ്ടതില്ലെന്ന് ജില്ലാ കമ്മിറ്റിയിൽ മറ്റൊരു രീതിയിൽ അവതരിപ്പിക്കുകയായിരുന്നു.

ഔദ്യോഗിക പക്ഷത്തിന് മുൻതൂക്കമുള്ള സി.പി.എം കണ്ണൂർ ജില്ലാ കമ്മിറ്റി യോഗത്തിൽ ആരും വി.എസ്. അച്യുതാനന്ദന്റെ പേര് പറഞ്ഞില്ല. തിരഞ്ഞെടുപ്പിൽ വ്യക്തികളെ ഉയർത്തിക്കാണിക്കരുത്. പാർട്ടിക്കാണ് പ്രാമുഖ്യം നൽകേണ്ടത് എന്നിങ്ങനെയുള്ള അഭിപ്രായങ്ങളിലാണ് കമ്മിറ്റി എത്തിച്ചേർന്നത്.

ആലപ്പുഴയിൽ തോമസ് ഐസക്കും ജി. സുധാകരനും വീണ്ടും

ആലപ്പുഴ: സി.പി.എം മത്സരിക്കുന്ന ആറ് മണ്ഡലങ്ങളിൽ പാർട്ടി സ്ഥാനാർത്ഥികളുടെ പട്ടികയ്ക്ക് ജില്ലാ സെക്രട്ടേറിയറ്റ് രൂപം നൽകി.

അരൂരിൽ അഡ്വ. എ.എം. ആരിഫ്, ആലപ്പുഴയിൽ മന്ത്രി ഡോ. തോമസ് ഐസക്, അമ്പലപ്പുഴയിൽ മന്ത്രി ജി. സുധാകരൻ, കായംകുളത്ത് സി.കെ. സദാശിവൻ, ചെങ്ങന്നൂരിൽ സജി ചെറിയാൻ, മാവേലിക്കരയിൽ എസ്.എഫ്.ഐ ജില്ലാ പ്രസിഡന്റ് കെ.എ. രാജേഷ് എന്നിവരുടെ പേര് ഉൾപ്പെട്ട പട്ടികയാണ് തയ്യാറാക്കിയിരിക്കുന്നത്. ചേർത്തലയും ഹരിപ്പാടും സി.പി.ഐക്കും കുട്ടനാട് എൻ.സി.പിക്കും നൽകാനാണ് ധാരണയായിരിക്കുന്നത്.

സി.എസ്. സുജാത, ടി.കെ ദേവകുമാർ എന്നിവരെ പരിഗണിക്കാത്തതിനെച്ചൊല്ലി സെക്രട്ടേറിയറ്റിൽ അഭിപ്രായവ്യത്യാസം ഉയർന്നു. മാവേലിക്കരയിൽ ചെങ്ങന്നൂർ സ്വദേശിയായ എസ്. എഫ്.ഐ ജില്ലാ പ്രസിഡന്റിനെ സ്ഥാനാർത്ഥി പട്ടികയിൽപ്പെടുത്തിയതും വാഗ്വാദത്തിനിടയാക്കി. സി.എസ്. സുജാതയെ സ്ഥാനാർത്ഥിയാക്കുന്നതിനെ മുതിർന്ന നേതാവ് പി.കെ. ചന്ദ്രാനന്ദനും ടി.കെ. ദേവകുമാറിനെ സ്ഥാനാർത്ഥിയാക്കുന്നതിനെ മന്ത്രി ജി. സുധാകരനും ശക്തമായി എതിർത്തു. സ്ഥാനാർത്ഥി പട്ടികയിൽ ഈഴവ സമുദായത്തിൽപ്പെട്ടവർക്ക് വേണ്ടത്ര പ്രാധാന്യം ലഭിച്ചില്ലെന്നതിനെച്ചൊല്ലിയും സെക്രട്ടേറിയറ്റിൽ അഭിപ്രായ വ്യത്യാസം ഉണ്ടായി.

ഉത്തരവ് ലംഘിച്ച് അഹാഡ്സ് ഡയറക്ടർ മുന്നോട്ട്; തടയാൻ ജീവനക്കാർ

എം.വി.ഹരീന്ദ്രനാഥ്

പാലക്കാട്: അഹാഡ്സിന്റെ പ്രവർത്തനം അവസാനിപ്പിച്ചു കൊണ്ടുള്ള സർക്കാർ ഉത്തരവ് നടപ്പിലാക്കുന്നത് തിരഞ്ഞെടുപ്പ് കമ്മിഷൻ തടഞ്ഞുവെങ്കിലും നടപടിയുമായി പ്രൊജക്ട് ഡയറക്ടർ മുന്നോട്ട്. ഇതിൽ പ്രതിഷേധിച്ച് തിങ്കളാഴ്ച കരിദിനം ആചരിക്കാനും ചൊവ്വാഴ്ച മുതൽ സത്യാഗ്രഹം ആരംഭിക്കാനും ജീവനക്കാർ തീരുമാനിച്ചു.

സർക്കാർ ഉത്തരവ് തടഞ്ഞു കൊണ്ടുള്ള തിരഞ്ഞെടുപ്പ് കമ്മിഷന്റെ ഉത്തരവ് തനിക്ക് ലഭിച്ചിട്ടില്ലെന്നും അതുകൊണ്ട് മാർച്ച് 15നകം പ്രവർത്തനം അവസാനിപ്പിക്കാനാണ് ശ്രമിക്കുന്നതെന്നും പ്രൊജക്ട് ഡയറക്ടർ കൃഷ്ണപ്രസാദ് സാഹു 'കേരളകൗമുദി' യോട് പറഞ്ഞു. ഇതിന്റെ ഭാഗമായി ഇന്ന് ഒലവക്കോട് ഫോറസ്റ്റ് ഗസ്റ്റ്ഹൗസിൽ യോഗം വിളിച്ചിട്ടുണ്ട്.അഹാഡ്സിന്റെ ആസ്തികൾ കിലയ്ക്ക് നൽകുന്നത് സംബന്ധിച്ചാണ് യോഗം.

ഇലക്ഷൻ കമ്മിഷൻ ഉത്തരവിന് വിരുദ്ധമായി യോഗം ചേർന്നാൽ തടയുമെന്ന് ജീവനക്കാർ പ്രൊജക്ട് ഡയറക്ടർക്ക് മുന്നറിയിപ്പ് നൽകിയെങ്കിലും അദ്ദേഹം പിൻമാറാൻ തയ്യാറായില്ല. ഇതിനെ ചൊല്ലി ജീവനക്കാരും ഡയറക്ടറും തമ്മിൽ ഇന്നലെ വാക്കുതർക്കം നടന്നു.

273 ജീവനക്കാരിൽ 151 പേരെയാണ് ഉടൻ പിരിച്ച് വിടുന്നത്. പിരിച്ചുവിടൽ സംബന്ധിച്ച് യാതൊരു മാനദണ്ഡവും പാലിച്ചിട്ടില്ലെന്ന് ആക്ഷേപമുണ്ട്.

തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ ഓഫീസിന് 'വേണ്ടപ്പെട്ടവരെ' നിലനിറുത്തി മറ്റുള്ളവരെ പിരിച്ചുവിട്ടുകൊണ്ട് ഉത്തരവ് ഇറക്കുകയായിരുന്നുവത്രേ. അട്ടപ്പാടിയിലെ ആദിവാസികളെ മുന്നിൽ നിറുത്തി ഫണ്ട് തട്ടിയെടുക്കാനുള്ള ശ്രമമാണ് ഈ നീക്കത്തിന്റെ പിന്നിലെന്ന് ജീവനക്കാർ ആരോപിക്കുന്നു.

ഹിന്ദു ഐക്യവേദിയുടെ ശബരിമല രക്ഷായാത്ര 14ന്

കോട്ടയം: ഹിന്ദു ഐക്യവേദിയുടെ ആഭിമുഖ്യത്തിൽ പുല്ലുമേട്- തിരുവനന്തപുരം ശബരിമല രക്ഷായാത്ര 14ന് ആരംഭിക്കുമെന്ന് നേതാക്കൾ പത്രസമ്മേളനത്തിൽ അറിയിച്ചു.

ജനറൽ സെക്രട്ടറി കുമ്മനം രാജശേഖരൻ നയിക്കുന്ന യാത്ര വണ്ടിപ്പെരിയാറിൽ സച്ചിതാനന്ദസ്വാമി (ഗായത്രി ആശ്രമം ചാലക്കുടി) ഉദ്ഘാടനം ചെയ്യും. പുല്ലുമേട് ദുരന്തത്തിനിരയായവർക്ക് സർക്കാർ പ്രഖ്യാപിച്ച ധനസഹായം നൽകണമെന്നാവശ്യപ്പെട്ടാണ് യാത്രനടത്തുന്നതെന്ന് ഐക്യവേദി ജനറൽ സെക്രട്ടറി ഇ.എസ്. ബിജു, അഡ്വ. പി. രാജേഷ് തുടങ്ങിയവർ പത്രസമ്മേളനത്തിൽ അറിയിച്ചു.

പിണറായി മത്സരിക്കില്ലെന്ന് യെച്ചൂരിയുടെ സൂചന

സ്വന്തം ലേഖകൻ

ന്യൂഡൽഹി: സി.പി.എം സംസ്ഥാന സെക്രട്ടറി പിണറായി വിജയൻ നിയമസഭാ തിരഞ്ഞെടുപ്പിൽ മത്സരിക്കില്ലെന്ന സൂചന പോളിറ്റ് ബ്യൂറോ അംഗം സീതാറാം യെച്ചൂരി നൽകി. ലാവ്‌ലിൻ കേസുമായി ബന്ധപ്പെട്ട പാർട്ടി നിലപാടിൽ മാറ്റമില്ലെന്നും മാറ്റേണ്ട സാഹചര്യം ഇല്ലെന്നും അദ്ദേഹം പറഞ്ഞു.

അഴിമതിക്കേസിൽ കുറ്റപത്രം ലഭിക്കുന്നവർ എം.എൽ.എ, എം.പി തുടങ്ങി ജനങ്ങൾ തിരഞ്ഞെടുത്ത സ്ഥാനങ്ങൾ വഹിക്കുന്നുണ്ടെങ്കിൽ അത് രാജിവയ്ക്കണം എന്നതാണ് പാർട്ടി നയമെന്ന് ജനറൽ സെക്രട്ടറി പ്രകാശ് കാരാട്ട് നേരത്തേ വ്യക്തമാക്കിയിരുന്നു. ലാവ്‌ലിൻ കേസിൽ പിണറായി വിജയന് കുറ്റപത്രം നൽകിയപ്പോൾ അദ്ദേഹം പാർട്ടി സെക്രട്ടറി സ്ഥാനം മാത്രമാണ് വഹിച്ചിരുന്നത്. ഇത് തിരഞ്ഞെടുക്കപ്പെട്ട സ്ഥാനം അല്ലെന്നും പാർട്ടിയുടെ ആഭ്യന്തര സ്ഥാനം ആണെന്നും കാരാട്ട് വിശദീകരിച്ചിരുന്നു. ഈ നിലപാടിൽ മാറ്റമില്ലെന്നാണ് യെച്ചൂരി പറയുന്നത്.

ലാവ്‌ലിൻ കേസുമായി ബന്ധപ്പെട്ട പാർട്ടി നിലപാടിൽ മാറ്റമില്ല. മാറ്റേണ്ട സാഹചര്യവും ഇല്ല

കേരളത്തിലെ ഇപ്പോഴത്തെ സാഹചര്യത്തിൽ ലാവ്‌ലിൻ കേസു സംബന്ധിച്ച നിലപാട് മാറ്റേണ്ടതുണ്ടോ എന്നായിരുന്നു ചോദ്യം. എന്തിനു മാറ്റണം. കേരളത്തിൽ സ്ഥാനാർത്ഥികളെ നിർണയിക്കുന്ന പ്രക്രിയ നടക്കുന്ന സാഹചര്യത്തിൽ ഇത് അഭ്യൂഹത്തിന്റെ അടിസ്ഥാനത്തിലുള്ള ചോദ്യം മാത്രമാണ്. സ്ഥാനാർത്ഥി പട്ടികയിൽ നിലപാട് മാറ്റം വന്നാലല്ലേ ഈ ചോദ്യത്തിന് പ്രസക്തിയുള്ളൂ എന്നായിരുന്നു ഉത്തരം.

അഴിമതിക്ക് എതിരെ നിലപാട് എടുക്കുന്ന പാർട്ടി ഇക്കാര്യങ്ങളിൽ ഉറച്ച നിലപാട് സ്വീകരിക്കുന്ന വി.എസ്. അച്യുതാനന്ദന്റെ വിഷയത്തിൽ തീരുമാനം എടുക്കാത്തത് ആശയക്കുഴപ്പം ഉള്ളതിനാലാണോ എന്ന ചോദ്യത്തിന് ഒരു ആശയക്കുഴപ്പവും ഇല്ലെന്നും ഇത് വെറും ഊഹാപോഹങ്ങളുടെ അടിസ്ഥാനത്തിലുള്ള ചോദ്യമാണെന്നും യെച്ചൂരി പ്രതികരിച്ചു.